**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2947 22.06.2012-ൽ മറുപടിയ്ക്ക്.

**സച്ചാർ കമ്മിറ്റി ശുപാർശകളിൻമേലുള്ള നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജമീലാ പ്രകാശം: | ശ്രീ. മഞ്ഞളാംകുഴി അലി (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) സച്ചാർ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാം; | (എ) തൊഴിൽ, വിദ്യാഭ്യാസം, ഭവനം തുടങ്ങിയ രംഗങ്ങളിൽ മുസ്ലീംങ്ങൾക്ക് അവസര സമത്വം ഉറപ്പാക്കുവാനും ദേശീയ ശരാശരിയിലേക്ക് ഉയർത്തിക്കൊണ്ട് വരാനുമുള്ള വിവിധ നിർദ്ദേശങ്ങൾ സച്ചാർ കമ്മിറ്റി മുന്നോട്ട് വച്ചിട്ടുണ്ട്. വിശദാംശങ്ങൾ www.minority affairs.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. |
| (ബി) പ്രസ്തുത ശുപാർശകൾ നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (ബി) ജസ്റ്റീസ് രജീന്ദർ സച്ചാർ കമ്മിറ്റി റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി 2008 ഏപ്രിൽ മാസത്തിൽ സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ ഒരു ന്യൂനപക്ഷ സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും തുടർന്ന് 2011 ജനുവരി ഒന്നു മുതൽ സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകൃതമാവുകയും ചെയ്തു. ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യം വെച്ചാണ് വകുപ്പ് പ്രവർത്തിച്ച് വരുന്നത്. വിദ്യാഭ്യാസം, തൊഴിൽ, വികസന പ്രവർത്തനങ്ങൾ എന്നിവയാണ് പ്രധാന മേഖലകൾ. 1 മുതൽ 10 വരെയുള്ള ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ്, പത്താം ക്ലാസിനു മുകളിൽ പി.എച്ച്.ഡി വരെയുള്ള കുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, പ്രൊഫഷണൽ വിദ്യാർത്ഥികൾക്കായുള്ള മെറിറ്റ് കം മീൻസ് എന്നീ സെൻട്രൽ സെക്ടറൽ സ്കോളർഷിപ്പുകളും കൂടാതെ വകുപ്പിന് കീഴിൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ചു നടപ്പിലാക്കി വരുന്ന കോളേജ് തലത്തിൽ പഠിക്കുന്ന മുസ്ലീം വിദ്യാർത്ഥിനികൾക്കായുള്ള സ്കോളർഷിപ്പ്, ഹോസ്റ്റൽ ഫീ എന്നിവയും അഭ്യസ്ത വിദ്യരായ ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്കായുള്ള പരിശീലന കേന്ദ്രങ്ങളും, കേരള മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധിയും ഇവയിൽ പ്രധാനമാണ്. |

**സെക്ഷൻ ആഫീസർ.**